LIBRARY ARCHIVES Kerala Legislative Assembly

ആലംകോട് ഓവർസിയർ ഓഫീസ്

48 (433) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലംകോട് ഓവർസിയർ ഓഫീസ്, സെക്ഷൻ ഓഫീസ് ആക്കി ഉയർത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും മൂന്ന് പഞ്ചായത്തുകൾക്കും ഏറെ ഗുണകരമാകുന്ന ഇക്കാര്യം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നിലവിലുള്ള മാനദണ്ഡ പ്രകാരം സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25,000-ൽ അധികമാവുകയും, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ആറ്റിങ്ങൽ സെക്ഷൻ ഓഫീസ് വിഭജിച്ച് കല്ലമ്പലം, വക്കം, കടയ്ക്കാവൂർ, നഗരൂർ എന്നീ സെക്ഷനുകളിൽപ്പെടുന്ന കുറച്ച് ഉപഭോക്താക്കളെ കൂടി ചേർത്ത് ആലംകോട് കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് സ്ഥാപിക്കാനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് ആലംകോട് ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നത് ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

എനർജി സ്മാർട്ട് സ്കൂൾ പദ്ധതി

49 (434) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. പി. എ. മാധവൻ:

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ

ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സ്കൂളുകളിൽ, 1997 മുതൽ എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വന്ന ഊർജ്ജ സംരക്ഷണ ക്ലബ്ബ് പരിപാടി, 2013-14 അദ്ധ്യയനവർഷം മുതൽ സ്മാർട്ട് എനർജി പ്രോഗ്രാം എന്ന പേരിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കുട്ടികൾക്കിടയിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുക, പുതുതലമുറയെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിപ്പിക്കുക, പുതുതായി കണ്ടുപിടിക്കപ്പെട്ട ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ പ്രചരിപ്പിക്കുക, കുട്ടികൾക്കിടയിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ഇ.എം.സി.-യുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ കോ-ഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഓരോ ജോയിന്റ് കോ-ഓർഡിനേറ്റർമാരും പ്രവൃത്തിക്കുന്നു. BEE (ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി)-യുടെ സഹായത്തോടുകൂടി SEP-യുടെ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, പ്രൈവറ്റ് സ്കൂളുകൾക്കും സ്മാർട്ട് എനർജി പ്രോഗ്രാമിൽ അംഗമാകാവുന്നതാണ്.

നാദാപുരം ചാത്തൻകോട്ട നട ചെറുകിട ജലവൈദ്യുത പദ്ധതി

50 (435) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചാത്തൻകോട്ടനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന അനാവശ്യ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പദ്ധതി കമ്മിഷൻ ചെയ്യാൻ കാലതാമസം നേരിടുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഉള്ള അടങ്കൽ തുകയും നിലവിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ അടങ്കൽ തുകയും തമ്മിലുള്ള അന്തരം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly